May 2019
Vol : 6 Issue No.5

Bulletin

Irinjalakuda Diocese

"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20 : 28)

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)

Best Compliments from...

SAHRDAYA
GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

SAHRDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

COURSES OFFERED:

UG Courses : BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

PG Courses : MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

SAHRDAYA-*tech*

Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

COURSES OFFERED:

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

SAHRDAYA
COLLEGE OF ADVANCED STUDIES OF ART & SCIENCE

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
Email : info@sahrdaya.ac.in. Website: www.sahrdaya.ac.in

COURSES OFFERED:

UG Courses : B Com Professional, B Com Computer Application, B Com Finance, B Com Co-Operation B Com Taxation, B Com Banking B Sc Physics, B Sc Computer Science, B Sc Chemistry, B Sc Geology, B Sc Mathematics, B C A, B Sc Psychology, B B A, B A Malayalam with Journalism, B A English with Journalish

PG Courses : M Sc Psychology, M Com Finance

LEARN LEAD SERVE

SAHRDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

MBA @ SIMS COURSES OFFERED:

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

Bulletin

MY LORD, MY GOD

DIOCESE OF IRINJALAKUDA

ഉള്ളടക്കം

01	ഇടയശബ്ദം	04
02	സർക്കുലർ	06
03	കച്ചേരിക്കാര്യങ്ങൾ	08
04	മാതൃസംഘം	10
05	മതബോധനം	11
06	ബൈബിൾ അഷ്സ്തോലേറ്റ്	16
07	സെന്റ് പോൾസ് മൈനർ സെമിനാരി	17
08	അൾത്താര ബാലസംഘം	19
09	ബ്ലസ് എ ഹോം	22
10	പാക്സ്	23
11	സോഷ്യൽ ആക്ഷൻ	24
12	മദ്യവിരുദ്ധസമിതി	27
13	കരിസ്മാറ്റിക് മൂവ്മെന്റ്	28
14	അവാർഡ്	29
15	ബി.എൽ.എം.	31
16	സെന്റ് ജെയിംസ് ഹോസ്പിറ്റൽ	32
17	നവചൈതന്യ	35
18	കെ.സി.വൈ.എം.	36
19	സ്പിരിച്വാലിറ്റി സെന്റർ	37
20	ഇടയന്റെ നാളെകൾ	38
21	ഇടയന്റെ ഇന്നലെകൾ	41

MAY 2019

Vol.: 6 Issue: 5

Address:

Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

Phone:

0480 2826820, 2826830

Website & E-mail:

www.irinjalakudadiocese.com
ijkbph@gmail.com

Subscription:

Single Copy : ₹ 12.00
Annual : ₹ 120.00

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,

2019 ഏപ്രിൽ 21 ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലുണ്ടായ ചാവേർ സ്ഫോടനപരമ്പരയിൽ 350ൽ കൂടുതൽപേർ മരിക്കുകയും 500 ലധികം പേർക്ക് മാരകമായ പരിക്കേൽക്കുകയും ചെയ്തു. ഈസ്റ്റർ ശുശ്രൂഷകൾക്കിടെ രാവിലെ മൂന്ന് പള്ളികളിലും അതേ സമയത്തു തന്നെ മൂന്ന് പഞ്ചനക്ഷത്ര ഹോട്ടലുകളിലുമാണ് സ്ഫോടനമുണ്ടായത്. ഉച്ചകഴിഞ്ഞ് മറ്റ് രണ്ടിടത്തും. പ്രത്യാശയുടെയും സമാധാനത്തിന്റെയും തിരുനാൾദിനമായ ഉയിർപ്പു തിരുനാളിലുണ്ടായ കൂട്ടക്കുരുതിയുടെ നടുക്കത്തിൽ ലോകം മുഴുവനും വിലപിക്കുകയാണ്. കഴിഞ്ഞമാസം ന്യൂസിലാൻഡിൽ രണ്ട് മസ്ജിദുകളിലുണ്ടായ ഭീകരാക്രമണത്തിന്റെ വാർത്തയിൽനിന്നുള്ള വേദന അസ്തമിക്കുന്നതിനു മുൻപാണ് ശ്രീലങ്കയിൽ നടന്ന ആക്രമണം. ശ്രീലങ്ക ഉണങ്ങാത്ത മുറിവുകളുടെ ദുഃഖസമാഹാരമാണ്. നിരപരാധികളുടെ ചോരയും കണ്ണീരും ഈ മണ്ണിൽ ഏറെക്കാലം വീണു കുതിർന്നിട്ടുണ്ട്. കാൽ നൂറ്റാണ്ടിലേറെ നീണ്ടുനിന്ന ആഭ്യന്തരയുദ്ധം 2009ൽ അവസാനിച്ചത് സ്വതന്ത്ര രാഷ്ട്രത്തിനുവേണ്ടി പോരാടിയ തമിഴ് പുലികളുടെമേൽ ശ്രീലങ്കൻ സൈന്യം നേടിയ അന്തിമവിജയത്തോടെയാണ്. ശ്രീലങ്കയിലെ ജനസംഖ്യയിൽ 70.2 ശതമാനം ബുദ്ധമതക്കാരാണ്. ഹിന്ദുക്കൾ 12.6 ശതമാനവും മുസ്ലീംകൾ 9.7 ശതമാനവും വരും. 2012ലെ സെൻസസ് പ്രകാരം 15 ലക്ഷം മാത്രമാണ് ക്രൈസ്തവർ. ഇതിൽ ഭൂരിപക്ഷവും കത്തോലിക്കരാണ്. കത്തോലിക്കർ ജനസംഖ്യയിൽ വളരെ കുറവാണെങ്കിലും ശ്രീലങ്കയുടെ വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ അവരുടെ സംഭാവനകൾ വലുതാണ്. ശ്രീലങ്കയിലെ ആക്രമണത്തിൽ ഹൃദയം നൊന്ത് മാർപാപ്പ ദുരന്തത്തിനിരയായവർക്കും അവരുടെ ബന്ധുമിത്രാദികൾക്കും വേണ്ടി ഈസ്റ്റർ ദിനത്തിൽ പൈതൃകമായ ആശീർവാദം നൽകുന്ന അവസരത്തിൽ പ്രാർത്ഥിക്കുകയും ലോകമെമ്പാടുമുള്ള ജനതയോട് ഈ ദുഃഖത്തിൽ പങ്കുചേർന്ന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. നമുക്കും പാപ്പയോട് ചേർന്ന്

അവർക്കുവേണ്ടി പ്രാർത്ഥിക്കാം. ഭിന്നത മറന്ന് സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുവാനും അന്നേദിവസം പാപ്പ ലോകരാഷ്ട്രങ്ങളോട് അഭ്യർത്ഥിച്ചു. ശ്രീലങ്കയിലെ സഹോദരങ്ങളുടെ വേദനയിൽ നമുക്കും പങ്കുചേരാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, ജനങ്ങൾ സുരക്ഷിതത്വവും സ്വാതന്ത്ര്യവും സമാധാനവും അനുഭവിക്കുന്ന ഇടങ്ങളിൽ വംശീയതയുടെയും വർഗ്ഗീയതയുടെയും മതവിദ്വേഷത്തിന്റെയും പേരിൽ നടക്കുന്ന ആക്രമണങ്ങൾ ഒരിക്കലും നീതികരിക്കാനാകില്ല. മനുഷ്യസമൂഹങ്ങളിൽ അസ്വസ്ഥത പടർത്തി സ്വന്തം നേട്ടങ്ങളുണ്ടാക്കുവാനാണ് ഭീകരർ ശ്രമിക്കുന്നത്. ഭീകര സംഘടനകളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കുന്നത് ദിശാബോധവും സാഹോദര്യവും ദൈവവിശ്വാസവും നഷ്ടപ്പെട്ടവരുടെ ലക്ഷണമായിട്ടാണ് കരുതാനാകുന്നത്. ആത്മാഭിമാനവും ജനങ്ങളുടെ ക്ഷേമത്തിന് താൽപര്യമുള്ള ഒരു രാജ്യത്തിനും ഒരു സമൂഹത്തിനും ഒരു വ്യക്തിക്കും ഭീകരരുടെ ഭീഷണിക്ക് വഴങ്ങുവാൻ സാധ്യമല്ല. എല്ലാവിധത്തിലുമുള്ള ഭീകരതക്കെതിരെ ലോകരാജ്യങ്ങളെല്ലാം ഏകോപിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മറ്റൊരു രാജ്യത്തെ തകർക്കുവാൻ ഭീകര സംഘടനകളെ കൂട്ടുപിടിക്കുന്നത് അപഹാസ്യവും നിന്ദ്യവുമാണ്. സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിലൂടെ രാഷ്ട്രനിർമ്മിതിയിൽ ഏർപ്പെട്ടിരിക്കുന്ന ക്രൈസ്തവരുടെ നേർക്ക് ആവർത്തിച്ചുണ്ടാകുന്ന ഭീകരാക്രമണങ്ങൾ മതമർദ്ദനത്തിന്റെ ലക്ഷണങ്ങളാണ്. ഐക്യവും സമഭാവനയും മതേതരത്വവും എല്ലായിടത്തും നിലനിർത്തുവാൻ നാം പ്രാർത്ഥിക്കണം. നാം പരിശ്രമിക്കണം. ഇപ്രകാരമുള്ള ആക്രമണങ്ങളുടെ മദ്ധ്യേ നാം തകരരുത്, തളരരുത്, പീഡനങ്ങളെയും മർദ്ദനങ്ങളെയും കുരിശുമരണത്തെയും അതിജീവിച്ച് ഉത്ഥിതനായ ക്രിസ്തുവാണ് നമ്മുടെ മാതൃക. ആക്രമണങ്ങളും ആരോപണങ്ങളും പ്രതിബന്ധങ്ങളുമാകുന്ന കല്ലുകൾ ഉള്ളിൽനിന്നും പുറത്തുനിന്നും സഭയുടെമേൽ ഉരുട്ടിവയ്ക്കുമ്പോൾ സഭയുടെ ഭാവിയെക്കുറിച്ച് ആശങ്കകളുണ്ടാകാം. എന്നാൽ ദൈവം നിശ്ചയിക്കുന്ന ദിനത്തിൽ ബലഹീന കരങ്ങൾ എന്നു തോന്നുന്നവരെപോലും അപ്രതീക്ഷിതമായി ഇടപെടുത്തി കല്ലുകൾ ഒന്നൊന്നായി ഉരുട്ടിമാറ്റപ്പെടും. കാരണം വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്ത ക്രിസ്തുവിലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. ആക്രമണങ്ങളുടെ മുന്നിൽ പതറാതെ നമുക്ക് നിലകൊള്ളാം. ഉത്ഥിതനായ ക്രിസ്തുവിൽ ആശ്രയിച്ച് നമുക്ക് പ്രതീക്ഷയോടെ മുന്നേറാം.

+ Joseph Kannookadan

ഇരിങ്ങാലക്കുട
24.04.2019

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

457/19
24/04/19

സർക്കുലർ

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ
കുടുംബങ്ങളുടെ മദ്ധ്യസ്ഥ

യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനി സന്യാസികളേ, പ്രിയ മക്കളേ,

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ വിശുദ്ധയായി നാമകരണം ചെയ്യുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഭാരതസഭയും വിശ്വാസിസമൂഹവും, വിശിഷ്യ, നമ്മുടെ രൂപതയും കാത്തിരിക്കുന്ന ഈ വേളയിൽ ആ പുണ്യാത്മാവിന്റെ സുകൃതസമ്പന്നമായ ജീവിതത്തെക്കുറിച്ച് അഭിമാനത്തോടെ ഓർക്കുവാനും ആദരം അർപ്പിക്കുവാനും നമ്മുടെ ഭക്തിയും വിശ്വാസവും ഉജ്ജ്വലിപ്പിക്കുവാനും ഓർമ്മപ്പെടുത്തിക്കൊണ്ട് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാൾ ദിനം സമാഗതമാകുകയാണ്. നാമകരണത്തിന് മുന്നോടിയായി വരുന്ന ഈ നവനാളും തിരുനാളും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ആഘോഷമാണ്. നമ്മുടെ ഇടയിൽ സഞ്ചരിച്ച് കുടുംബങ്ങൾക്കിടയിൽ പ്രവർത്തിച്ച് കുടുംബങ്ങളുടെ മദ്ധ്യസ്ഥയായി ഉയരുവാൻ ദൈവം അനുഗ്രഹിച്ച ഈ അമ്മ ഇനി സകല ജനത്തിനും സർവ്വ കുടുംബങ്ങൾക്കും മദ്ധ്യസ്ഥയായി അംഗീകരിക്കപ്പെടുകയും വണങ്ങപ്പെടുകയും ചെയ്യുന്നുവെന്ന വാർത്ത നമ്മുടെ ഹൃദയത്തെ ഏറെ സന്തോഷപ്രദമാക്കുന്ന ഒരു സന്ദേശമാണ്. എന്നും എക്കാലത്തേക്കും ദൈവം കുടുംബങ്ങൾക്കായി കരുതിയ ഒരു വരമാണ് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ. തിരുക്കുടുംബത്തിന്റെ വലിയ ഭക്തയായിരുന്ന അമ്മ തിരുക്കുടുംബ ചൈതന്യം കുടുംബങ്ങളിൽ വളർത്തിയെടുക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തിയിരുന്നു. പലപ്പോഴും പരിശുദ്ധ കന്യകാമാതാവിന്റെ സന്ദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസ്യൂതമായാണ് വാഴ്ത്തപ്പെട്ട അമ്മ ഭവനസന്ദർശനം നടത്തിയിരുന്നത്. തിരുക്കുടുംബത്ത

പ്പോലെ ഓരോ കുടുംബവും വളർന്നുവരണമെന്നും അവിടെ സ്നേഹവും ശാന്തിയും സ്വാതന്ത്ര്യവും ഉണ്ടാകണമെന്നും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ തീവ്രമായി അഭിലഷിച്ചു. അതുകൊണ്ടാകണം ദൈവം അവളെ കുടുംബങ്ങൾക്കുള്ള ഒരു കരുതലായി വളർത്തിയതും ഉയർത്തിയതും. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ കുടുംബങ്ങൾക്കുവേണ്ടി കരമുയർത്തുമ്പോഴൊക്കെ ദൈവം കനിവുനിറഞ്ഞവനായി കുടുംബങ്ങളിലേക്ക് വരങ്ങൾ വർഷിച്ചുകൊണ്ടിരുന്നു. മറിയം ത്രേസ്യയും കുടുംബങ്ങളുമായുള്ള ഈ അഭേദ്യബന്ധത്തിന് നിത്യസ്മാരകമെന്നോണം നിരവധി കുടുംബങ്ങൾ അമ്മയുടെ മാദ്ധ്യസ്ഥശക്തി മൂലം വിശുദ്ധീകരിക്കപ്പെട്ട ഭവനങ്ങളായി മാറിക്കൊണ്ടിരുക്കുന്നു. കുഴിക്കാട്ടുശ്ശേരിയിലെ കബറിടത്തിനുമുമ്പിൽ സന്ദർശിക്കുന്ന ജനസഞ്ചയം അതിനു സാക്ഷികളാണ്.

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ കുടുംബപ്രേഷിതശുശ്രൂഷയിൽ സകലർക്കും മുന്നോടിയായി ദൈവം തെരഞ്ഞെടുത്തുയർത്തിയതിന് നമുക്കു നല്ല ദൈവത്തിനു നന്ദി പറയാം. കുഴിക്കാട്ടുശ്ശേരിയിലെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ കബറിട ദേവാലയത്തിൽ ജൂൺ 8-ാം തിയതി അമ്മയുടെ തിരുനാൾ ആഘോഷിക്കുകയാണ്. ഇതിന് ഒരുക്കമായുള്ള നൊവേന മെയ് 30-ാം തീയതി മുതൽ നടത്തപ്പെടുന്നതാണ്. ഈ പുണ്യദിനങ്ങളിൽ കബറിടം സന്ദർശിച്ച് തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ച് കൃപാഭിഷേകത്താൽ നിറയുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

+ Pauly Kannookadan

ഇരിങ്ങാലക്കുട
24.04.2019

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB: ഈ സർക്കുലർ 2019 മെയ് 12-ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

1. **Appointments and Relieving Orders**

Rev. Fr. Freejo Parackal: Granted the extension of leave for a period of 3 years to serve as Resident Staff member and as visiting Faculty at Marymatha Major Seminary, Trichur w.e.f. 28th March 2019.

Rev. Dr. Joji Kallingal: Appointed Convenor the Liturgical Commission of the eparchy of Irinjalakuda w.e.f. 2nd April 2019.

Rev. Dr. Nevin Attokaran: Appointed as nominated member, the Liturgical Commission of the eparchy of Irinjalakuda w.e.f. 2nd April 2019.

Rev. Fr. Tinto Njarekadan: Appointed Acting Vicar, Little Flower Church, Parakadavu w.e.f. 8th April 2019.

Rev. Fr. Joby Parathur OFM Cap : Relieved Asst. Vicar, St. Xavier's Church, South Thanissery w.e.f. 6th May 2019.

Rev. Fr. Joby Payyappilly MS: Relieved Asst.Vicar, St. Antony's Shrine Church, Kanakamala and appointed as Asst. Vicar at St. Xavier's Church, South Thanissery w.e.f. 6th May 2019.

Rev. Fr. Joby Porathur OFM Cap.: Relieved Asst.Vicar of St. Xavier's Church, South Thanissery w.e.f. 6th May 2019.

Rev. Fr. Rinto Payyappilly : Relieved Acting Vicar, Fathimanadha Church, Fathima Nagar, Mannukad and Notary, Eparchial Tribunal of Irinjalakuda an granted leave to do Italian Course w.e.f. 2nd May 2019.

Rev. Fr. Sibu Kallaparambil : Appointed, Acting Vicar, Fathimanadha Church, Fathima Nagar, Mannukad w.e.f. 2nd May 2019.

2. **ഞായറാഴ്ചയാചരണം :** ഇടവക കേന്ദ്രീകൃതമായ ഞായറാഴ്ചയാചരണത്തിനായി ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും 12.05ന് ശേഷമാണല്ലോ വിവാഹ ആശീർവ്വാദകർമ്മങ്ങളും മറ്റു ആഘോഷങ്ങളും അനുവദിച്ചിരിക്കുന്നത്. ഈ നിയമം മതബോധന ക്ലാസ്സുകളില്ലാത്ത കാലയളവിലും ബാധകമാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.
3. **തൊഴിലാളി ദിനം :** ഇടവകകളിൽ മെയ് 1 കഴിഞ്ഞ് വരുന്ന ഞായറാഴ്ച മെയ്ദിനത്തോടനുബന്ധിച്ചുള്ള സ്തോത്രക്കാഴ്ച എടുത്ത് മെയ് 30ന് മുൻപ് രൂപതാ ഫൈനാൻസ് ഓഫീസറെ ഏൽപ്പിക്കുക.
4. **മാസധ്യാനം :** വൈദികരുടെ മെയ് മാസത്തെ മാസധ്യാനം മെയ് 2-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനത്തിൽ വച്ചായിരിക്കും. എല്ലാ വൈദികരും 10 മണിക്ക് മുൻപ് രൂപതാ ഭവനത്തിൽ എത്തിച്ചേരുവാൻ അഭ്യർത്ഥിക്കുന്നു.
5. **വൈദിക വസ്ത്രസ്വീകരണം – മെയ് 9 വ്യാഴം :** 2019 മെയ് 9-ാം തിയ്യതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരിങ്ങാലക്കുട രൂപത മൈനർ സെമിനാരിയിൽ വച്ച് താഴെ പറയുന്ന വൈദിക വിദ്യാർത്ഥികൾ വൈദികവസ്ത്രം സ്വീകരിക്കുന്നു. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.
   1. ബ്രദർ ഓസ്റ്റിൻ പാറക്കൽ (പുത്തൻവേലിക്കര സെന്റ് ജോർജ്ജ്)
   2. ബ്രദർ ക്രിസ്റ്റി ചിറ്റക്കര (പാദുവാനഗർ)
   3. ബ്രദർ ജോർജി തേലപ്പിള്ളി (അരിപ്പാലം)
   4. ബ്രദർ ജോർജ്ജ് കോനിക്കര (കൊടകര ഫൊറോന)
6. **നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ :** മെയ് 30 വ്യാഴാഴ്ചയാണ് (ഉയിർപ്പ് 6-ാം ഞായർ കഴിഞ്ഞ് വരുന്ന വ്യാഴാഴ്ച) നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പൗരസ്ത്യ സഭകളിൽ ഈ തിരുനാൾ കടമുള്ള ദിവസമാണ്. ഈ ദിവസം ഒഴിവുദിവസമല്ലെങ്കിലും സാധിക്കുന്ന വരെല്ലാം വി.കുർബ്ബാനയിലും മറ്റ് തിരുകർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണെന്ന കാര്യം ദൈവജനത്തെ ഓർമ്മപ്പെടുത്തേണ്ടതാണ്. (സീറോ മലബാർ ആരാധന പഞ്ചാംഗം, പേജ് 5)
7. **വൈദികരുടെ വാർഷികധ്യാനം :** ബഹു. അച്ചന്മാരുടെ

വാർഷികധ്യാനം അണക്കര ധ്യാനകേന്ദ്രത്തിലും കല്ലേറ്റുംകര പാക്സിലും മൂന്ന് ബാച്ചുകളിലായി നടത്തപ്പെടുന്നു. കല്ലേറ്റുംകര പാക്സിൽ **2019 ജൂൺ 17 തിങ്കൾ** മുതൽ **21 വെള്ളി** വരെയും, **2019 ജൂൺ 24 തിങ്കൾ** മുതൽ **28 വെള്ളി** വരെയും അണക്കര ധ്യാനകേന്ദ്രത്തിൽ **2019 ജൂൺ 23 ഞായർ** മുതൽ **28 വെള്ളി** വരെയുമാണ് ധ്യാനം നടത്തപ്പെടുന്നത്. ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ 56 മുതലുള്ള പേജുകളിൽ കൊടുത്തിട്ടുണ്ട്.

അണക്കര ധ്യാനകേന്ദ്രത്തിൽ വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികർക്കായി വാഹനസൗകര്യം ഏർപ്പെടുത്തുന്നതാണ്. തക്ക കാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം ഉടനെ അഭിവന്ദ്യ പിതാവിനെ അറിയിക്കേണ്ടതാണ്.

ബഹു. അച്ചന്മാർ ധ്യാനത്തിനു വരുമ്പോൾ കുർബ്ബാന കണക്ക്, കുമ്പസാര പത്തേന്തി തുടങ്ങിയവ കൊണ്ടുവരണം. ധ്യാനത്തിൽ ബഹു. അച്ചന്മാർ ആദ്യന്തം പങ്കുകൊള്ളണം. ഇടവകയിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യകമായ ക്രമീകരണങ്ങൾ നടത്തുമല്ലോ. **ധ്യാനഗുരു: അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ**, അദിലാബാദ് ബിഷപ്പ്.

രൂപതാ കാര്യാലയം
20.04.2019

മോൺ. ആന്റോ തച്ചിൽ
വികാരി ജനറാൾ

മാതൃസംഘം

1. അർദ്ധവാർഷിക ജനറൽ ബോഡി യോഗവും മാതൃദിനാചരണവും

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മെയ് 9-ാം തിയ്യതി ഉച്ചയ്ക്ക് 1 മണിക്ക് മാരാംകോട് സെന്റ് ജോസഫ് പള്ളിയിൽവെച്ച് മാതൃദിനാചരണവും അർദ്ധവാർഷിക ജനറൽ ബോഡിയോഗവും നടത്തപ്പെടുന്നു.

ഫാ. ജോയ് തറയ്ക്കൽ
ഡയറക്ടർ

1. അഭിനന്ദനങ്ങൾ

2018–19 അദ്ധ്യയനവർഷത്തിൽ X,XII ക്ലാസ്സുകളിലെ രൂപതാ മതബോധന വാർഷിക പരീക്ഷയിൽ റാങ്കുകൾ കരസ്ഥമാക്കിയ എല്ലാ കുട്ടികൾക്കും, മതാദ്ധ്യാപക സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് നേടിയ എല്ലാ അദ്ധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! കൂടാതെ 100% വിജയം കരസ്ഥമാക്കിയ എല്ലാ മതബോധന യൂണിറ്റുകൾക്കും അനുമോദനങ്ങൾ ആശംസിക്കുന്നു. മതാദ്ധ്യാപക സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത എല്ലാ അദ്ധ്യാപകർക്കും നന്ദി.

Std X

I[st] Rank

Elna A.A.
St. Thomas Church
Anathadam

IInd Rank

Ashley Joseph
Our Lady of Carmel
Church, Aripalam

IIIrd Rank



Able Maria Pauly
St. Antony's Church
Konnakuzhy

4–ാം റാങ്ക് മുതൽ 20–ാം റാങ്ക് വരെയുള്ളവരുടെ പേരുകൾ

4	ANN TREASA XAVIER	St. Xavier's Church,Pullur
5	ROSE MARY	St. Sebastian's Church,Thazhekad
6	ANJUSHA SOJAN	St. Xavier's Church,South Thanissery
7	ANNMARIYA K.V	St. Xavier's Church,South Thanissery
8	TENET BABU	St. Joseph's Forane Church,Kodakara
9	ELIZEBETH THOMAS	St. Mary's Church,Parekkattukara
10	ALENA JAISON	St. Sebastian's Church,Thazhekad
11	IRINE PAUL	Our Ladyof Rosary Church,Kalparambu
12	ASHLIN BIJU	Our Lady of Lourdes Church,Lourdpuram
13	NEHA TOMAS	St. George Church,Puthenvelikara
14	DONA SHYJU	Our Lady of Fathima Church,Vellanchira
15	CHRISTO THOMAS	Little Flower Church,Potta

16	JISMI JILSON	St. Mary's Church,Vennur
17	MIDHUNA VARGHESE	St. Joseph's Church,Pazhukara
18	JOSEPH WILLIAM SHAJU K	St. Mathew's Church,Thumboor
19	SREYA JOSHY	St. Thomas Cathedral,Irinjalakuda
20	ANATTE C.J	St. Antony's Church,Paduvanagar

Std XII

I[st] Rank

Jesmy P.J.
Infant Jesus Church
Meladoor

IInd Rank

Doniya Davis
St. Antony's Church
Vasupuram

IIIrd Rank

Angel Joy
St. Mary's Church
Dayanagar

4–ാം റാങ്ക് മുതൽ 20–ാം റാങ്ക് വരെയുള്ളവരുടെ പേരുകൾ

4	HRIDHYA JOY	St. Antony's Church,Vasupuram
5	AIGIN FRANCIS	Fathimanatha Church,Fathima Nagar
6	JULIYA .K.DAVIS	St. Antony's Church,Perambra
7	NIMISHA U.S	Christ King Church, Edamuttom
8	ANNMARIYA VARGHESE	Little Flower Church,Potta
9	RIYA XAVIER	St. Mary's Church,Dayanagar
10	SHRADHA JOSE	Our Lady of Grace Church,Thuruthiparambu
11	CIANA ANTONY	St. Xavier's Church,South Thanissery
12	LEEDIA C.S	St. Joseph's Church,Pazhukara
13	ALIN SEEJO	St. Sebastian's Forane Church,Kuttikad
14	MARIYA JOY	Holy Family Church,Vellikulangara
15	GLORIYA JOLLY	Prasadhavaranatha Church,Aloor
16	MARIA SHAJI	Fathimanatha Church,Fathima Nagar
17	JILIYA VARGHESE	Infant Jesus Church,Puthenvelikkara
18	ANNA BABU .T	St. Joseph's Church,Muriyad
19	MERIN ELIZABETH	St. Francis Assissi Bethlehem,Elinjipra
20	ANGEL ROSE A.V	Our Lady of Fathima ChurchVellanchira

മതബോധന അദ്ധ്യാപകരുടെ സ്കോളർഷിപ്പ് പരീക്ഷ

I[st] Rank

Dr. Reeni Joy
St. Mary's Church,
Katoor

IInd Rank

Sigi Varghese
St. Antony's Church
Kanakamala

IIIrd Rank

Lisha Joy
St. Mary's Forane
Church, Chalakudy

4–ാം റാങ്ക് മുതൽ 20–ാം റാങ്ക് വരെയുള്ളവരുടെ പേരുകൾ

4	Alli Tom	St. Thomas Cathedral Don Bosco Unit
5	Sheeja Lawrance	St. Mary's Church, Pulinkara
6	Jeena Vinoy	St. Paul's Church, Aroormuzhy
7	Mini Wlison	St. Sebastian's Forane Church, Kuttikad
8	Shyla Jolly	St. Sebastian's Church, Kodunga
9	Sr. Joina MSJ	St. Joseph's Church, Poovathussery
10	Aimy Davis	St. Mary's Church, Maramcode South
11	Sr. Betsy	St. Marys Forane Church, Chalakudy A Unit
12	Nimmy John	St. Thomas Cathedral L.F Unit
13	Sr. Rose Therese	Infant Jesus Church, Puthenvelikara
14	Aneesh P.D	St. Joseph's Church, Pazhukara
15	Aji Manoj	St. Paul's Church, Aroormuzhy
16	Sophy Jose	St. Joseph's Church, Thuravankunnu
17	Mary Xavier	St. Mary's Lourdes Church, Elinjipra
18	Rani Parakkal	Infant Jesus Church, Meladoor
19	Sr.Annamma Illikkal	St. Sebastian's Church, Porathissery
20	Sr. Teena FCC	Holy Trinity Church, Karalam

2. X, XII ക്ലാസ്സുകളിലെ പുനർപരീക്ഷ (Say Examination)

മെയ് 5–ാം തിയ്യതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് വിദ്യാ ജ്യോതി മതബോധന കേന്ദ്രത്തിൽവെച്ച് നടത്തപ്പെടുന്നു. വാർഷിക പരീക്ഷയിൽ തോറ്റവരെയും തക്കകാരണങ്ങളാൽ വാർഷിക പരീക്ഷ

യിൽ പങ്കെടുക്കുവാൻ സാധിക്കാത്തവരെയും ഈ പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 25ന് മുൻപ് ഇവരുടെ പേരുകൾ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

3. ബി.സി.ടി. കോഴ്സ് (നവമതാദ്ധ്യാപക പരിശീലന കോഴ്സ്)

മതാദ്ധ്യാപക പരിശീലന കോഴ്സിൽ പങ്കെടുക്കാത്ത അദ്ധ്യാപകർക്കായി 2019 മെയ് 11,12 (ശനി, ഞായർ) എന്നീ ദിവസങ്ങളിൽ കല്ലേറ്റുംകര പാക്സിൽവെച്ച് ബി.സി.ടി. കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രജിസ്ട്രേഷൻ ഫീസ് 300 രൂപ വീതം അടച്ച് എത്രയും വേഗത്തിൽ പേരുകൾ രജിസ്റ്റർ ചെയ്യുക.

ബി.സി.ടി. കോഴ്സ് രജിസ്ട്രേഷൻ നടത്തിയവർ മെയ് 11-ാം തിയ്യതി രാവിലെ 9 മണിക്ക് മുൻപായി കല്ലേറ്റുംകര പാക്സിൽ എത്തിച്ചേരേണ്ടതാണ്. 9 മണിക്ക് ശേഷം വന്നാൽ കോഴ്സിൽ പങ്കെടുപ്പിക്കുന്നതല്ല.

NB : താമസിച്ച് കോഴ്സ് കൂടുന്നതിനാവശ്യമായ സാധനസാമഗ്രികൾ കൊണ്ടുവരേണ്ടതാണ്.

4. പ്രധാന അദ്ധ്യാപകസമ്മേളനം

പുതിയ അദ്ധ്യയനവർഷത്തെ പരിപാടികൾ ക്രമീകരിക്കുവാൻ പ്രധാന അദ്ധ്യാപകരുടെ സമ്മേളനം വിദ്യാജ്യോതിയിൽവെച്ച് മെയ് 18-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ നടത്തപ്പെടുന്നു. എല്ലാ പ്രധാന അദ്ധ്യാപകരും മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്.

5. സ്കോളർഷിപ്പ് പരീക്ഷാഫലം

സൺഡേ സ്കൂൾ, വചനം എന്റെ ജീവൻ എന്നീ പരീക്ഷകളുടെ റിസൽട്ട് മെയ് 6-ാം തിയ്യതി വിദ്യാജ്യോതിയുടെ വെബ്സൈറ്റായ www.vidyajyotiijk.com ൽ പ്രസിദ്ധീകരിക്കുന്നതാണ്.

6. മതബോധന വർഷ രൂപതാതല ഉദ്ഘാടനം

2019-2020 അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് മെയ് 26-ാം തിയ്യതി ഞായറാഴ്ച രാവിലെ 8 മണിക്ക് സെന്റ് തോമസ് ചർച്ച്, ആനത്തടം ഇടവക ദേവാലയത്തിൽവെച്ച് വി. കുർബ്ബാനയോടുകൂടി വിവിധ പരിപാടികളോടെ നിർവ്വഹിക്കുന്നു.

7. സർട്ടിഫിക്കറ്റുകൾ

X,XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ മെയ് 25നുശേഷം രൂപത മതബോധന കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്.

NB : X,XII Say Exam എഴുതിയവരുടെയും പ്രൈവറ്റ് രജിസ്ട്രേഷൻ എഴുതി ജയിച്ചവരുടെയും സർട്ടിഫിക്കറ്റുകൾ അതാത് യൂണിറ്റിലേക്ക് കൊടുത്തുവിടുന്നതാണ്. എല്ലാവരും തങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്വന്തം ഇടവകയിൽനിന്നും വാങ്ങികൊണ്ട് പോകേണ്ടതാണ്.

8. പ്രധാന അദ്ധ്യാപകനിയമനം

ഇടവകകളിൽ പുതുതായി നിയമിക്കപ്പെടുന്ന പ്രധാന അദ്ധ്യാപകരുടെയും യൂണിറ്റ് സെക്രട്ടറിമാരുടെയും പി.ടി.എ. പ്രസിഡന്റുമാരുടെയും പേര് വിവരം യഥാസമയം രൂപത മതബോധന കേന്ദ്രത്തിൽ എത്രയും വേഗത്തിൽ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അറിയിക്കേണ്ടതാണ്.

മതബോധന ഓഫീസിന് പുതിയ ഫോൺ നമ്പർ

വിദ്യജ്യോതി മതബോധന ഓഫീസുമായി ബന്ധപ്പെടാൻ ഇനിമുതൽ ഈ ഫോൺ നമ്പറിൽ വിളിക്കുക.

0480 2965882, 8547621110

ഫാ. ടോം മാളിയേക്കൽ
ഡയറക്ടർ

സെന്റ് ആന്റണീസ് ബാലഭവനിലേക്ക് വിദ്യാർത്ഥികളെ സ്വീകരിക്കുന്നു

ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ക്ഷേമ സ്ഥാപനമായ ബാലഭവനിൽ 5-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സ് ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നിർദ്ധനരായ ആൺകുട്ടികൾക്ക് സൗജന്യമായ താമസ പഠന സൗകര്യം നൽകുന്നു. പ്രവേശനം ആഗ്രഹിക്കുന്നവർ മെയ് 25-ാം തിയ്യതിക്ക് മുൻപ് സ്ഥാപനവുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ : 0480 2890295, 9447529499

ഫാ. സെബി കാഞ്ഞിലശ്ശേരി
ഡയറക്ടർ

1. അഖില കേരള ലോഗോസ് ക്വിസ് സെപ്തംബർ 29 ന്

ഈ വർഷത്തെ അഖില കേരള ലോഗോസ് ക്വിസ് പരീക്ഷ 2019 സെപ്തംബർ 29ന് ആണ് നടത്തപ്പെടുന്നത്. പരീക്ഷയ്ക്കായി കുടുംബ സമ്മേളന യൂണിറ്റുകളിലും മതബോധന തലത്തിലും പരിശീലനം നൽകേണ്ട സമയമായി.

പഠനഭാഗം : നിയമാവർത്തനം 12 – 21;
പ്രഭാഷകൻ 11 –17;
മത്തായി 19 – 28;
വെളിപാട് 17 – 22.

2. ബൈബിൾ കലോത്സവം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ മൂന്നു വർഷത്തിലൊരിക്കൽ നടത്തുന്ന സംസ്ഥാന ബൈബിൾ കലോത്സവം ഡിസംബറിൽ. സംഘനൃത്തവും നാടകവും ഈ വർഷം ഉണ്ടായിരിക്കില്ല.

3. ബൈബിൾ പഠന സഹായി

ബൈബിൾ പഠിക്കാൻ സഹായിക്കുന്നതിനു ബൈബിളിലെ 73 പുസ്തകങ്ങളെകുറിച്ചുള്ള പഠന സഹായി ഡിസ്കൗണ്ട് വിലയ്ക്ക് ലഭിക്കും. 35 പുസ്തകങ്ങളടങ്ങിയ പഠന സഹായിക്ക് 1550 രൂപ.

ഫാ. ജോജു കോക്കാട്ട്
ഡയറക്ടർ

സ്മരണാഞ്ജലി

റവ. ഫാ. ജെയ്ക്കബ് വേഴപറമ്പിൽ	10.05.1981
മോൺ. സക്കറിയാസ് പുതുശ്ശേരി	13.05.1988
റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.)	08.05.1996
റവ. ഫാ. ആന്റണി പറോക്കാരൻ	20.05.2000
റവ. ഫാ. വിൽസൻ ഊക്കൻ	14.05.2003
റവ. ഫാ. ജോർജ്ജ് കാളൻ	08.05.2018

1. **കുടുംബോത്സവം 2019:** മേജർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കുടുംബോത്സവം ഈ വർഷം ചായ്പൻകുഴി സെന്റ് ആന്റണീസ് ഇടവകയിൽ 2019 മാർച്ച് 20 മുതൽ മാർച്ച് 24 വരെ നടത്തപ്പെട്ടു. ഭവനസന്ദർശനം, ധ്യാനം, കുട്ടികളുടെയും യുവജനങ്ങളുടെയും ദമ്പതികളുടെയും കൂട്ടായ്മ, അനുരഞ്ജന ശുശ്രൂഷ എന്നിവയെല്ലാം കുടുംബോത്സവത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. അതിജീവനവർഷത്തിന്റെ ഭാഗമായ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരിച്ചു. ഇടവക അതിർത്തിയിലുള്ള സ്മൈൽ വില്ലേജ് സന്ദർശിക്കുകയും ചെയ്തു. മാർച്ച് 20 ബുധനാഴ്ച അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. സമാപന ദിവസത്തെ ദിവ്യബലി വികാരി ജനറാൾ മോൺ. ജോയ് പാലേക്കരയുടെ കാർമ്മികത്വത്തിൽ നടന്നു.

2. **ജീവിത മാർഗ്ഗദർശന ക്യാമ്പ് :** ആൺകുട്ടികൾക്കായുള്ള രൂപതാതല ജീവിതമാർഗ്ഗദർശന ക്യാമ്പ് 2019 മാർച്ച് 29,30,31 തിയ്യതികളിൽ സെന്റ് പോൾസ് മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെട്ടു. റെക്ടർ ഫാ. വിൻസന്റ് പാറയിൽ ഉദ്ഘാടനവും രൂപത വികാരി ജനറാൾ മോൺ. ജോയ് പാലേക്കര സമാപന സന്ദേശവും നൽകി. അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടനും, വികാരി ജനറാൾ മോൺ. ലാസർ കുറ്റിക്കാടനും യഥാക്രമം മാർച്ച് 30,31 തിയ്യതികളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. 241 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളെ ക്യാമ്പിലേക്ക് പറഞ്ഞയച്ച വികാരിയച്ചന്മാർക്ക് നന്ദി.

3. **മേജർ – മൈനർ ഓർഡേഴ്സ് :** 2019 ഏപ്രിൽ 13-ാം തിയ്യതി ശനിയാഴ്ച സെന്റ് പോൾസ് മൈനർ സെമിനാരിയിൽ വച്ച് 8 വൈദിക വിദ്യാർത്ഥികൾ മ്ശംശാന പട്ടവും 4 വൈദിക വിദ്യാർത്ഥികൾ ഹെവുപ്പദിയാക്ക്ന പട്ടവും 5 വൈദിക വിദ്യാർത്ഥികൾ കാറോയ പട്ടവും അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിൽനിന്ന് സ്വീകരിച്ചു.

I. മ്ശംശാന പട്ടം സ്വീകരിച്ചവർ

1. കാട്ടൂക്കാരൻ ജീസൺ, 2. കൊടിയൻ സ്റ്റേൺ (ജോസഫ്) 3. കൊല്ലംവളപ്പിൽ നിവിൻ (ആന്റണി) 4. കോട്ടയ്ക്കൽ ബിനീഷ് (ജോൺ) 5. മാളിയേക്കൽ കൂനൻ മാർട്ടിൻ (ജോസഫ്) 6. പാറേക്കാടൻ ടോണി (ആന്റണി) 7. പാട്ടത്തിൽ അനൂപ് (ജോൺ) 8. തെക്കിനിയത്ത് ജിനോ (ആന്റണി)

II. ഹെവുപ്പദിയാക്ക്ന പട്ടം സ്വീകരിച്ചവർ

1. മണിമലക്കുന്നേൽ ലിജോ (കുര്യാക്കോസ്) 2. നായത്തോടൻ ജിബിൻ (ജോസഫ്) 3. തുലാപറമ്പൻ ഹാലിറ്റ് (റാഫേൽ) 4. വാഴപ്പിള്ളി സിബിൻ (ജോസഫ്)

III. കാറോയ പട്ടം സ്വീകരിച്ചവർ

1. കാക്കനാടൻ ജെർലിറ്റ് (ജസ്റ്റിൻ) 2. കൊടിയൻ അബിൻ (ആന്റണി) 3. തൊഴുത്തുങ്കൽ ജോസഫ് 4. പഞ്ഞിക്കാരൻ ഗ്ലിഡിൻ (ആന്റണി) 5. തെക്കുംപുറം ഡെൽബി (ജോൺ)

4. ദൈവവിളി ധ്യാനം : ഈ വർഷത്തെ ദൈവവിളി ധ്യാനം 2019 ഏപ്രിൽ 15,16,17 തിയ്യതികളിൽ സെന്റ് പോൾസ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. റെക്ടർ ഫാ. വിൻസെന്റ് പാറയിൽ ധ്യാനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യപിതാവ് മാർ പോളി കണ്ണൂക്കാടൻ സമാപനദിവസം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. 45 പേർ ധ്യാനത്തിൽ പങ്കെടുത്തു. കുട്ടികളെ ദൈവവിളി ധ്യാനത്തിനയച്ച വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

5. സാമ്പത്തിക സഹായം നൽകിയവർ

1. ശ്രീമതി മീര തോമസ്, നെല്ലിശ്ശേരി, എടത്തിരുത്തി – 25000
2. ശ്രീമതി അന്നംകുട്ടി ജേക്കബ്, നങ്ങിണി, നോർത്ത് ചാലക്കുടി – 60000
3. റവ. ഫാ. പോൾ മംഗലൻ (late), കൊടകര – 100000
4. ശ്രീ. പി.കെ. വർഗ്ഗീസ് പുന്നേലിപറമ്പിൽ, കല്ലേറ്റുംകര – 25000
5. ശ്രീ. പോൾ പെരേപ്പാടൻ, റിലയൻസ് ഡെന്റൽ ലാബോറട്ടറി, കുതിരത്തടം – 25000
6. ശ്രീ. ജോൺ ഐനിക്കൽ, ചെന്ത്രാപ്പിന്നി ഈസ്റ്റ് – 5000

ഫാ. വിൻസെന്റ് പാറയിൽ
റെക്ടർ

ലീഡേഴ്സ് മീറ്റ് 2019

തിയ്യതി : **2019 മെയ് 2 വ്യാഴം**
സ്ഥലം : **സെന്റ് പോൾസ് മൈനർ സെമിനാരി**
സമയം : **രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ**

ലീഡേഴ്സ് മീറ്റിന് ഒരു ഇടവകയിൽ നിന്നും പരമാവധി 3 കുട്ടികളെ വരെ പങ്കെടുപ്പിക്കാവുന്നതാണ്. ലീഡേഴ്സ് മീറ്റിനു വരുമ്പോൾ ബഹു. വികാരിയച്ചന്റെ കത്തും, രജി. ഫീസ് 50 രൂപയും, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവയും കൊണ്ടുവരേണ്ടതാണ്.

സാവിയോ ഫെസ്റ്റ് 2019

തിയ്യതി: **2019 മെയ് 3 വെള്ളി**
സ്ഥലം : **കത്തീഡ്രൽ സിയോൺ ഹാൾ**
സമയം : **രാവിലെ 9 മുതൽ വൈകീട്ട് 4 വരെ**

കൺവെൻഷനിൽ പങ്കുടുക്കുന്നവർ ബ്ലാക്ക് പാന്റ് സും വെള്ള ഷർട്ടും ധരിച്ചിരിക്കണം. പങ്കെടുക്കുന്നവരുടെ പേരും എണ്ണവും രേഖപ്പെടുത്തിക്കൊണ്ടുള്ള ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും കൊണ്ടുവരണം. രജിസ്ട്രേഷൻ 9 ന് ആരംഭിക്കും. ഒരാൾക്ക് 30 രൂപ നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സാവിയോ ഫെസ്റ്റിൽ പങ്കെടുക്കുന്നവരുടെ എണ്ണം മെയ് 1 ന് മുൻപ് അൾത്താരസംഘം ഡയറക്ടറെ അറിയിക്കുമല്ലോ.

Rooted - 2019

തിയ്യതി: **2019 മെയ് 6,7 തിങ്കൾ, ചൊവ്വ**
സ്ഥലം : **സെന്റ് പോൾസ് മൈനർ സെമിനാരി**
സമയം : **രാവിലെ 9 മുതൽ വൈകീട്ട് 5 വരെ**

ഈ വർഷം 9-ാം ക്ലാസ്സിൽ പരീക്ഷ എഴുതിയിരിക്കുന്ന ആൺകുട്ടികൾക്കായി സമഗ്രവ്യക്തിത്വ രൂപീകരണം ലക്ഷ്യം വെച്ച് ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ Rooted 2019 എന്ന ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിനു വരുമ്പോൾ ബഹു. വികാരിയച്ചന്റെ കത്തും, രജി. ഫീസ് 100 രൂപയും, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവയും കൊണ്ടുവരേണ്ടതാണ്. ഈ പ്രോഗ്രാമുകൾക്ക് വികാരിയച്ചന്മാർ കുട്ടികളെ പറഞ്ഞുവിടുമല്ലോ.

ഫാ. ജിനു വെണ്ണാട്ടുപറമ്പിൽ
ഡയറക്ടർ

റവ. സി. പെട്രോണില എഫ്.സി.സി

ഇരിങ്ങാലക്കുട രൂപത, ഊരകം ഇടവക ചിറ്റിലപ്പിള്ളി തൊമ്മാന ഔസേപ്പ് റോസ ദമ്പ ദികളുടെ 11 മക്കളിൽ 6-ാമത്തെ മകളായി 02.02.1936 ൽ ശോശന്ന ഭൂജാതയായി. ചെറുപ്പം മുതലേ ഒരു കന്യാസ്ത്രിയായി വിശുദ്ധയാ കണം എന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചിരുന്നു. 1957 ൽ സന്യാസാർത്ഥിനിയായി കരുവന്നൂർ മഠ ത്തിൽ പ്രവേശിച്ചു. 15.5.1959 ൽ സഭാവസ്ത്ര സ്വീകരണവും പ്രഥമവ്രതവാഗ്ദാനവും നടത്തി ഉണ്ണീശോയുടെ സി.പെട്രോണില എന്ന നാമം സ്വീകരിക്കുകയും 4.4.1963 ൽ നിത്യവ്രതവാ ഗ്ദാനവും 2009 ൽ സുവർണ്ണജൂബിലിയും ആഘോഷിച്ചു. "ഈശോയെ സ്നേഹിക്കുക, മനുഷ്യരിൽ അവിടുത്തെ മുഖം ദർശിച്ച് അവരെ സ്നേഹിക്കുക, സേവിക്കുക" എന്ന തന്റെ ആപ്തവാക്യം അതിന്റെ തികവിൽ ജീവിച്ച അമ്മയുടെ ആത്മാവ് 2019 മാർച്ച് 15ന് ദിവ്യമണവാളനിലേക്ക് പറന്നുയർന്നു.

റവ. സി. പുൾക്കേരിയ എഫ്.സി.സി.

എറണ്ണാകുളം അതിരൂപത, മൂക്കന്നൂർ ഇട വക പാലിമറ്റം കുഞ്ഞിപൗലോ- കുഞ്ഞിലക്കുട്ടി മാതാപിതാക്കളുടെ 10 മക്കളിൽ രണ്ടാമത്തെ മകളായി 17.08.1920 ൽ കത്രീന ഭൂജതയായി. 1942-ൽ ചാലക്കുടി എസ്.എച്ച്. കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. 15.05.1944-ൽ സഭാ വസ്ത്ര സ്വീകരണവും 06.05.1945-ൽ പ്രഥമ വ്ര തവാഗ്ദാനവും നടത്തി, സി. പുൾക്കേരിയ എന്ന നാമം സ്വീകരിക്കുകയും 13.05.1948-ൽ നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. സന്ന്യാസജീവിതത്തിൽ 75 വർഷങ്ങൾ പിന്നിട്ട അമ്മ സദാ സമയം ഉരിവിട്ടുകൊണ്ടുരുന്ന ഒരു പ്രർത്ഥനയാണ്, കരുണയുള്ള കർത്താവേ പാപികളായ ഈ കൊച്ചുമക്കളോട് കരുണയായിരിക്കേണമെ എന്ന ത്. 2019 മാർച്ച് 3ന് അമ്മയുടെ പാവനാത്മാവ് തന്റെ സ്വർഗ്ഗസമ്മാന ത്തിനായി വിളിക്കപ്പെട്ടു.

റവ. സി. സാവിയോ എഫ്.സി.സി

ഇരിങ്ങാലക്കുട രൂപത, കാട്ടൂർ ഇടവക പാലത്തിങ്കൽ തറവാട്ടിൽ ജോസഫ് അന്നക്കുട്ടി ദമ്പതികളുടെ 7 മക്കളിൽ 4–ാമത്തെ മകളായി 06.03.1939 ൽ റോസിലി ഭൂജാതയായി. 1960 ൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രി ഗേഷനിൽ അർത്ഥിനിയായി ചേർന്നു. 1962 മെയ് 23 ന് സഭാ വസ്ത്ര സ്വീകരണവും പ്രഥമവ്രതവാഗ്ദാനവും നടത്തി സി. സാവിയോ എന്ന നാമം സ്വീകരി ച്ചു. 1966 ൽ നാഥന് നിത്യ സമർപ്പണം നട ത്തിയ അമ്മ 2012 ൽ സുവർണ്ണജൂബിലി ആഘോഷിച്ചു. അധ്യാപന പ്രേഷിതത്വത്തിലൂടെ ധാരാളം കുഞ്ഞു ങ്ങളിൽ ദൈവസ്നേഹം പകർന്നുനൽകിയ അമ്മ, ''പ്രാർത്ഥനയും പ്രായശ്ചിത്തവും'' എന്ന ആപ്തവാക്യം മരണം വരെ ജീവിതബന്ധി യാക്കിയ അത്ഭുതകാഴ്ചയായിരുന്നു ജീവിതത്തിലുടനീളം ദർശിച്ച ത്. "എല്ലാം ദൈവമഹത്വത്തിനായി ചെയ്യുക" എന്നതാണ് തന്റെ ജീവി തത്തെ മുന്നോട്ട് നയിക്കുന്ന ചാലകശക്തിയെന്ന് വിശ്വസിച്ച അമ്മ യുടെ പാവനാത്മാവ് 2019 മാർച്ച് 20ന് ദൈവസന്നിധിയിലേക്ക് എടു ക്കപ്പെട്ടു.

റവ. സി. അഗാപ്പിയ എഫ്.സി.സി

ഇരിങ്ങാലക്കുട രൂപത, അവിട്ടത്തൂർ ഇട വക തൊമ്മാന ചിറ്റിലപ്പിള്ളി ചുമ്മാർ–കൊച്ചു മറിയം ദമ്പതികളുടെ 10 മക്കളിൽ 8–ാമത്തെ മകളായി 03.03.1933ൽ സെലിൻ ഭൂജാതയായി. 1.6.1955 ൽ തന്റെ രണ്ട് ജ്യേഷ്ഠസഹോദരിമാരെ അനുകരിച്ച് കരുവന്നൂർ സെന്റ് ജോസഫ് മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 1957 മെയ് 13 ന് സഭാവസ്ത്രം സ്വീകരിച്ച് സി. അഗാ പ്പിയ എന്ന നാമം സ്വീകരിക്കുകയും 1958 മെയ് 15 ന് പ്രഥമവ്രതവാഗ്ദാനവും 1963 ഏപ്രിൽ 24 ന് നിത്യവ്രതവാഗ്ദാനവും 2003ൽ സുവർണ്ണജൂബിലിയും ആഘോ ഷിച്ചു. തിന്മയെ നന്മകൊണ്ട് കീഴടക്കുക എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം.ഫ്രാൻസിസ്ക്കൻ സന്തോഷം അതിന്റെ തികവിൽ ജീവിച്ച അമ്മ 2019 ഏപ്രിൽ 4–ാം തിയതി ഈശോയുടെ സന്നിധി യിലേക്ക് പറന്നുയർന്നു.

ഇരിങ്ങാലക്കുട രൂപത ബ്ലെസ്സ് എ ഹോം പദ്ധതിയിൽ നിന്ന് **1540** കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേയ്ക്ക് ഇപ്പോൾ **ഏഴ് കോടി ഇരുപത്തി അഞ്ച് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി അറു നൂറ്റി തൊണ്ണൂറ്റി മൂന്ന് (72541693)** രൂപ നല്കി.

1. സംഭാവന നല്കിയവർ

1.	ബാബു കെ. ടി., ഇരിങ്ങാലക്കുട	12000
2.	ടീച്ചേഴ്സ് സ്റ്റുഡൻസ് നോട്ടർഡാം സ്കൂൾ, വെട്ടിക്കുഴി	5000
3.	ഒർലേഡി ഓഫ് ഡോളേഴ്സ് കോൺവെന്റ്, സൗത്ത് താണിശ്ശേരി	5000
4.	സുപ്പീരിയർ ജനറൽ, എഫ്. സി. സി. ജനറലേറ്റ്, ആലുവ	10000
5.	എഫ്.സി.സി. കോൺവെന്റ്, കോട്ടാറ്റ്	5000
6.	എസ്. എച്ച്. എഫ്. സി. കോൺവെന്റ്, ചാലക്കുടി	5000
7.	ക്ലാരിയൻ എഫ്സിസി കോൺവെന്റ്, ചാലക്കുടി	5000
8.	റവ. ഫാ. ബെഞ്ചമിൻ ചിറയത്ത്	27000
9.	ടി. ജെ. പൗലോസ് തെക്കൻ	23000
10.	അലക്സ് ഡേവീസ് കാട്ടൂകാരൻ, അന്നമനട	5000
11.	സാംസൺ കണ്ണൂക്കാടൻ, ഇറ്റലി	12000
12.	ജോബി സി. ഡി. ചോനാടൻ, കൊടകര	25000
13.	പറോക്കാരൻ തോമസ് സിന്റു, തുമ്പൂർ	6000
14.	പൗലോസ് ജോൺസൺ വേണാട്ടുപറമ്പിൽ, കുറ്റിക്കാട്	6000
15.	കെ. ടി. ജോസ്, പടിയൂർ	5000
16.	ജേക്കബ് ചാക്കേരി, മൂർക്കനാട്,	10000
17.	ജെയ്സൺ ചാതേലി, ആളൂർ ഈസ്റ്റ്	5000
	ആകെ	**171000**

2. പ്രളയത്തിൽ സംഭാവന നല്കിയവർ

1.	കെ. ടി. വർഗ്ഗീസ് കണ്ണംകുന്നി, കല്ലേറ്റുംകര	12000
2.	ഇൻഫന്റ് ജീസിസ് ചർച്ച്, കലേറ്റുംകര	20500
3.	സെന്റ് ജോസഫ് ചർച്ച്, പഴൂക്കര	22000
4.	ലിറ്റിൽ ഫ്ളവർ ചർച്ച്, പോട്ട	50000
5.	സെന്റ് ആന്റണീസ് ചർച്ച്, പേരാമ്പ്ര	25000
6.	സെന്റ് ജോസഫ് ചർച്ച്, പുത്തൻചിറ ഈസ്റ്റ്	41000

7.	സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കല്ലംകുന്ന്	5000
8.	സെന്റ് മേരീസ് ചർച്ച്, ആളൂർ ഈസ്റ്റ്	35000
9.	നിത്യസഹായമാത ചർച്ച്, കൂടപ്പുഴ	6000
10.	സെന്റ് ജോസഫ് ചർച്ച്, വള്ളിവട്ടം	5000
11.	സെന്റ് അൽഫോൻസ ചർച്ച്, വല്ലക്കുന്ന്	10000
12.	ലൂർദ് മാത ചർച്ച്, എലിഞ്ഞിപ്ര	25000
13.	സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വാടച്ചിറ	12000
	ആകെ	**268500**
3.	**172 കുടുംബങ്ങൾക്ക് നല്കിയ തുക**	**3057500**

ഫാ. സീജോ ഇരിമ്പൻ
ഡയറക്ടർ

പാക്സ്

1. പ്രീകാന കോഴ്സുകൾ

May	01 to 08	-	Retreat for Sisters
"	11 to 12	-	BCT Course
"	13 to 15	-	Pre Cana
"	17 to 18	-	Kodunga Parish - Catechism Programme
"	19	-	Irinjalakuda Cathedral - Catechism Programme (9.00am to 4.00pm)
"	26	-	MAGNIFICAT – 2019 (A Spiritual Programme for Pregnant Woman, 9.30am to 4.00pm)
"	27 to 29	-	Pre Cana

2. ഹോം മിഷൻ

ഇരിങ്ങാലക്കുട രൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സ് നടത്തുന്ന 2019 –2020 വർഷത്തിലെ പുതിയ ബാച്ച്ഹോം മിഷൻ ജൂൺ മാസം മുതൽ ആരംഭിക്കുന്നു. ഹോം മിഷൻ ആവശ്യമുള്ള ഇടവകകൾ പാക്സുമായി ബന്ധപ്പെടുക. Contact Number - 0480-2880878, 2880439

ഫാ. ജോസ് ഇരിമ്പൻ
ഡയറക്ടർ

1. സൗജന്യ എൻട്രൻസ് പരിശീലനം

2019 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിച്ച, മിടുക്കരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുമുള്ള നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളിൽനിന്നും തൃശൂർ, കുഴിക്കാട്ടുശേരി എന്നീ പഠന കേന്ദ്രങ്ങളിലായി പ്രൊഫ. പി.സി. തോമസിന്റെ നേതൃത്വത്തിലുള്ള എൻട്രൻസ് പരിശീലനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. മുൻ വർഷങ്ങളിലെപ്പോലെ തിരഞ്ഞെടുക്കപ്പെടുന്ന 25 വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾക്ക് പരിശീലനം സൗജന്യമായിരിക്കും. ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകൾവഴി മെയ് ആറു മുതൽ ലഭിക്കുന്ന അപേക്ഷാഫോറം 2019 മെയ് 20-ന് മുമ്പായി പൂരിപ്പിച്ച് ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

2. സ്പെഷ്യൽ സ്കൂളുകളിലേക്കും ഹോസ്റ്റലിലേക്കുമുള്ള പ്രവേശനം

ഭിന്നശേഷിയുള്ള കുട്ടികളുടെ പഠന പരിശീലന കേന്ദ്രമായ കൊറ്റനെല്ലൂരിലെ ആശാനിലയം സ്പെഷ്യൽ സ്കൂളിലേക്കും കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിലേക്കുമുള്ള അഡ്മിഷൻ മെയ് രണ്ടു മുതൽ ആരംഭിക്കുന്നു. അഞ്ചു വയസിനു മുകളിലുള്ള മാനസിക ഭിന്നശേഷിയുള്ള കുട്ടികൾക്കാണ് പ്രവേശനം. (ആശാനിലയം ഫോൺ: 9400290133, കൊടുങ്ങല്ലൂർ സാന്തോം ഫോൺ: 0480-2809877, 2809879). ഹോസ്റ്റലിൽ താമസിച്ച് പഠിക്കുവാനുള്ള സൗകര്യം കൊറ്റനെല്ലൂർ ആശാനിലയം സ്കൂളിനോടു ചേർന്നുള്ള കൃപാഭവൻ റഡിഡൻഷ്യൽ സെന്ററിൽ മാത്രമാണ് ഉള്ളത്. അഞ്ചു വയസു മുതൽ 15 വയസു വരെയുള്ള ആൺകുട്ടികൾക്കും അഞ്ചു വയസു മുതൽ 20 വയസു വരെയുള്ള പെൺകുട്ടികൾക്കും ഇവിടെ താമസസൗകര്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. (ആശാനിലയം ഫോൺ: 9400290133, കൃപാഭവൻ ഫോൺ: 0480-2863894, 9496360845).

3. സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ ഓഡിറ്റിംഗ്

മെയ് 16-ന് സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ 2018-2019 വർഷത്തെ വരവു ചിലവു കണക്കുകളുടെ ഓഡിറ്റിംഗ് M/s C.M.Joseph & Associates, Ernakulam സോഷ്യൽ ആക്ഷൻ ഫോറം ഓഫീസിൽവച്ച് നടത്തുന്നു.

4. ഫ്ളഡ് റിക്കവറി പ്രോഗ്രാം

അതിജീവനവർഷം പ്രമാണിച്ച് കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ ചേലൂർ, അരിപ്പാലം, ആനന്ദപുരം, അമ്പഴക്കാട്, പഴൂക്കര, വെണ്ണൂർ എന്നീ ഇടവകകളിൽ നടപ്പിലാക്കിവരുന്ന "ഫ്ളഡ് റിക്കവറി പ്രോഗ്രാം" പദ്ധതിയിൽ പ്രളയത്തിൽ തകർന്ന വീടുകളുടെ അറ്റക്കുറ്റപ്പണികൾ നടത്താൻ ഒരു വീടിന് 50,000 രൂപ നല്കുന്നതിൽ രണ്ടാം ഗഡുവായി ഒരു വീടിന് 25,000/- രൂപവച്ച് 80 വീടുകൾക്ക് ഇരുപത് ലക്ഷം രൂപ നല്കി. ടോയ്ലറ്റ് അറ്റക്കുറ്റപ്പണിക്കുവേണ്ടി ഒരു വീടിന് 15,000 രൂപ നല്കുന്നതിൽ രണ്ടാം തവണ 8,000/- രൂപ വീതം 70 വീടുകൾക്ക് അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ നല്കി. 218 വീടുകൾക്ക് വരുമാനദായക സംരംഭങ്ങളായ കോഴി വളർത്തൽ, ആട് വളർത്തൽ, വൃക്ഷത്തൈ നല്കൽ എന്നീ പദ്ധതികളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയിൽ നിന്നുള്ള ഉദ്യോഗസ്ഥരായ ശ്രീ. അഭീഷ്, മിസ് ലെറീന എന്നിവർ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിജസ്ഥിതി പരിശോധിച്ച് സംതൃപ്തി രേഖപ്പെടുത്തി.

5. ഗ്രാമശ്രീ സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിംഗ്

380 ഗ്രാമശ്രീ വനിതാ സ്വാശ്രയ സംഘങ്ങളുടെയും 20 പുരുഷ സ്വാശ്രയ സംഘങ്ങളുടെയും 565 ജെ.എൽ.ജി.കളുടെയും 2018-2019 സാമ്പത്തിക വർഷത്തിലെ വരവു ചിലവു കണക്കുകളുടെ ഇന്റേണൽ ഓഡിറ്റിംഗ് വിവിധ കേന്ദ്രങ്ങളിലായി ആനിമേറ്റേഴ്സിന്റെ സാന്നിധ്യത്തിൽ പൂർത്തിയാക്കി.

6. റൂബി ജൂബിലി ഭവനനിർമാണം

രൂപതാ റൂബി ജൂബിലിയോടനുബന്ധിച്ച് ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം നടപ്പിലാക്കിവരുന്ന ഭവനനിർമാണ പദ്ധതിയുടെ രണ്ടാം ഘട്ടമായ 40 ഭവനങ്ങളിൽ 37 ഭവനങ്ങളുടെ നിർമാണം പൂർത്തീകരിച്ചു.

7. അതിജീവനവർഷം ഭവന നിർമാണ പദ്ധതി

അതിജീവനവർഷം പ്രമാണിച്ച് ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം നടപ്പിലാക്കിവരുന്ന 'ഭവന നിർമാണ പദ്ധതി'യിൽ തിരഞ്ഞെടുക്കപ്പെട്ട 101 അപേക്ഷകരുടെ, വിവിധ ഘട്ടങ്ങളിലുള്ള ഭവന നിർമാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിതരണം തുടരുന്നു.

8. ജലനിധി പദ്ധതി

മലപ്പുറം ജില്ലയിലെ ഒഴൂർ പഞ്ചായത്തിലെ ജലനിധി മൾട്ടി പ്രോജക്ടിന്റെ ഭാഗമായി മലപ്പുറത്തുള്ള ജില്ലാ ഓഫീസിൽ വച്ച് ആർ. പി.ഡി. ശ്രീ. ഹൈദ്രാലിയുടെ അധ്യക്ഷതയിൽ ഏപ്രിൽ ആറിന് നടന്ന റിവ്യൂ മീറ്റിംഗിലെ തീരുമാനമനുസരിച്ച് പ്രൊജക്ട് കമ്മീഷൻ ചെയ്തു

ന്നതിലെ തടസങ്ങൾ നീക്കുന്നതിനായി ഏപ്രിൽ 10-ന് വിവിധ വകുപ്പുകളായ വാട്ടർ അഥോറിട്ടി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി, കോൺട്രാക്ടർമാർ എന്നിവരുടെ സംയുക്ത മീറ്റിംഗ് സംഘടിപ്പിച്ചു. ആ മീറ്റിംഗിൽ മെയ് 15-ാം തീയതി തെന്നലയിലെ മെയിൻ ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നതിനും വാട്ടർ ചെക്കിംഗിനായി വിവിധ വിതരണ ശൃംഖലകളിലേക്ക് വെള്ളം തുറന്നുവിടുന്നതിനും തീരുമാനമായി. ലോക്സഭാ തിരഞ്ഞെടുപ്പ് തീരുന്ന മുറയ്ക്ക് പദ്ധതി ഏരിയായിലെ എം.എൽ.എമാരുടെ അഭിപ്രായമാരാഞ്ഞതിനുശേഷം 'പ്രൊജക്ട് കമ്മീഷനിംഗ്' തീയതി തീരുമാനിക്കാമെന്ന് നിശ്ചയിച്ചു.

9. സേവ് എ ഫാമിലി പദ്ധതി

സേവ് എ ഫാമിലിയിലെ 22 ഗുണഭോക്താക്കൾക്ക് ഏപ്രിൽ മാസത്തിൽ 2,28,604/- രൂപ വിതരണംചെയ്തു.

10. ഊർജ പ്രതിസന്ധിക്ക് പരിഹാരമായി കുറഞ്ഞ ചിലവിൽ സോളാർ പദ്ധതികൾ

❖ **സോളാർ പവർ പദ്ധതി:** സൂര്യപ്രകാശത്തിൽനിന്നും കറന്റ് ഉത്പാദിപ്പിച്ച് ഉപഭോക്താവിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിവരുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് നല്കുന്ന രീതിയാണ് സോളാർ പവർ ഓൺ ഗ്രിഡ് സംവിധാനം. വിവിധ റെയ്ഞ്ചിലുള്ള പവർ പ്ലാന്റുകൾ കുറഞ്ഞ നിരക്കിൽ സ്ഥാപിച്ചു നല്കിവരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480-2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

❖ **സോളാർ വാട്ടർ ഹീറ്റർ പദ്ധതി**: സോഷ്യൽ ആക്ഷൻ ഫോറവും അങ്കമാലി അന്ത്യോദയയും റൈസൻ എനർജി സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി നടപ്പിലാക്കിവരുന്ന സോളാർ വാട്ടർ ഹീറ്റർ പദ്ധതിയിൽ 100, 150, 200, 300, 500 ലിറ്റർ തുടങ്ങി വിവിധതരത്തിലുള്ള സോളാർ വാട്ടർ ഹീറ്റർ ക്വാളിറ്റി മോഡലുകൾ മിതമായ നിരക്കിൽ നല്കിവരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480-2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

11. മിത്ര കളക്ഷൻ പദ്ധതി

